## അട്ടപ്പാടി അന്നപ്രദായിനി -സമൂഹ അടുക്കള

അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് അന്നപ്രദായിനി-സമൂഹ അടുക്കള. ആദിവാസി സമൂഹത്തിൽ പണ്ട് നിലനിന്നിരുന്ന ആചാരത്തിന്റെ പുനരുജ്ജീവനമായി ഇതിനെ കരുതാം. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനോടൊപ്പം സമൂഹത്തിൽ കൂട്ടായ്മ സൃഷ്ടിക്കാനും ഇതിന് കഴിയുന്നു. 2013 ൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിയ ഈ സംരംഭം 2014 ൽ കുടുംബശ്രീ മിഷന് കൈമാറുകയും കുടുംബശ്രീ അയൽക്കൂട്ടം വഴി നടപ്പിലാക്കുകയും ചെയ്യുന്നു. ഊരുസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന സമൂഹഅടുക്കളയിലേക്ക് ആവശ്യമായ പലചരക്ക് സാധനങ്ങൾ മാവേലി സ്റ്റോറിൽ നിന്നും വാങ്ങുകയും പച്ചക്കറി, വിറക് എന്നിവ ഊരിൽ നിന്നും കടകളിൽ നിന്നും ആദിവാസി കുടുംബശ്രീയിലെ അംഗങ്ങൾ ശേഖരിക്കുകയും ഭക്ഷണം പാചകം ചെയ്യുകയും ചെയ്യുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 1 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, മാനസിക രോഗികൾ, 60വയസ്സിന് മുകളിലുള്ളവർ, കിടപ്പുരോഗികൾ, എന്നിവരാണ് സമൂഹഅടുക്കളയിലെ ഗുണഭോക്താക്കൾ. തുടക്കത്തിൽ വൈകുന്നേരങ്ങളിൽ മാത്രമായി കൊടുത്തിരുന്ന ഭക്ഷണം ഇപ്പോൾ ഗർഭിണികൾക്ക് 3 നേരവും കുട്ടികൾക്ക് പ്രവർത്തി ദിവസങ്ങളിൽ 2 നേരവും അവധി ദിവസങ്ങളിൽ 3 നേരവും നൽകുന്നു. ഇപ്പോൾ 172 സമൂഹഅടുക്കളകളിലായി 15538 ആൾക്കാർ ഭക്ഷണം കഴിക്കുന്നു.

### പ്രവർത്തനം

ഊരുസമിതിയുടെ നേതൃത്വത്തിലാണ് സമൂഹഅടുക്കളകൾ പ്രവർത്തിക്കുന്നത്. ഊരുസമിതിയുടെ കീഴിലുള്ള കുടുംബശ്രീകൾ ഓരോരുത്തരും മാറി മാറി നടത്തിപ്പ് ചുമതല വഹിക്കുന്നു. ഭക്ഷണക്രമം തയ്യാറാക്കുകയും ആവിശ്യം വേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി മാവേലി സ്റ്റോറിൽ നിന്നും വാങ്ങുകയും ഊരിലെത്തിക്കുകയും ചെയ്യുന്നു. ഇതിന്റെ സ്റ്റോക്ക് വിവരങ്ങൾ, ദിവസം എടുക്കുന്നത് ഉൾപ്പെടെ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നു. പച്ചക്കറി, ഊരിൽ കൃഷി ചെയ്യുന്നതോ, ഊരിനടുത്ത കടകളിൽ നിന്നോ ശേഖരിക്കുകയും വിറക് കുടുംബശ്രീ അംഗങ്ങൾ ശേഖരിച്ചു കൊണ്ടുവരികയും ചെയ്യുന്നു. മാവേലി സ്റ്റോറിന്റെ ബില്ലിന്റെ ഒരു കോപ്പി ഊരുസമിതി സൂക്ഷിക്കുകയും ഒരു കോപ്പി ഓഫീസിൽ ഹാജരാക്കുകയും ചെയ്യുന്നു. കൂടാതെ സപ്ലൈക്കോയിൽ നിന്നും സാധനങ്ങൾ എത്തിക്കുന്നതിനുള്ള വണ്ടിക്കൂലി, വാഹനസൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലേക്ക്

സാധനങ്ങൾഎത്തിക്കുന്നതിനുള്ള ചുമട്ടുക്കൂലി എന്നിവയുടെ വൗച്ചറും ഓഫീസിൽ ഹാജരാക്കുന്നു. ആനിമേറ്ററും പഞ്ചായത്തുതല കോ–ഓർഡിനേറ്ററും ഫിനാൻസ് മാനേജരും പരിശോധന നടത്തി ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാനമിഷനിലേക്ക് അയക്കുന്നു. സംസ്ഥാനമിഷനിൽ നിന്നും അനുവദിക്കുന്ന തുക ഓഫീസ് അക്കൗണ്ടിലേക്ക് വരികയും ഇത് അതാത് കുടുംബശ്രീ അക്കൗണ്ടിലേക്ക് നെഫ്റ്റ് മുഖേന ട്രാൻസ്ഫർ ചെയ്യുന്നു.

**<u>അളവ് (ഒരു വ്യക്തിക്ക് ഒരു ദിവസം)</u>**

ധാന്യം – 130ഗ്രാം
പയർ വർഗ്ഗങ്ങൾ – 80ഗ്രാം
എണ്ണ – 5ഗ്രാം
പലവ്യഞ്ജനങ്ങൾ–5ഗ്രാം
പച്ചക്കറി/ഇലക്കറികൾ

ഭക്ഷണം പാചകം ചെയ്യുന്നതിന്റെ കൂലി–ഒരു വ്യക്തിക്ക് 3 രൂപ നിരക്കിൽ
പച്ചക്കറി/ഇലക്കറികൾ – ഒരു വ്യക്തിക്ക് 3 രൂപ നിരക്കിൽ
വിറക് – ഒരു വ്യക്തിക്ക് 2 രൂപ നിരക്കിൽ

**<u>2015 മുതലുള്ള സമൂഹ അടുക്കളയുടെ എണ്ണം ചുവടെ ചേർക്കുന്നു</u>**

| ക്ര.നം | മാസം | അഗളി | ഷോളയൂർ | പുതൂർ | ആകെ |
|---|---|---|---|---|---|
| 1 | ജനുവരി–15 | 31 | 17 | 26 | 104 |
| 2 | ഫെബ്രുവരി–15 | 35 | 26 | 37 | 98 |
| 3 | മാർച്ച്–15 | 45 | 11 | 19 | 75 |
| 4 | ഏപ്രിൽ–15 | 39 | 22 | 18 | 79 |
| 5 | മെയ്–15 | 40 | 26 | 22 | 88 |
| 6 | ജൂൺ–15 | 11 | 06 | 02 | 19 |
| 7 | ജൂലൈ–15 | 20 | 06 | 03 | 29 |
| 8 | ആഗസ്റ്റ്–15 | 40 | 10 | 12 | 62 |
| 9 | സെപ്റ്റംബർ–15 | 40 | 26 | 12 | 78 |
| 10 | ഒക്ടോബർ–15 | 48 | 40 | 15 | 103 |
| 11 | നവംബർ–15 | 64 | 33 | 25 | 122 |
| 12 | ഡിസംബർ–15 | 63 | 37 | 20 | 120 |
| 13 | ജനുവരി–16 | 37 | 23 | 24 | 84 |
| 14 | ഫെബ്രുവരി–16 | 59 | 14 | 13 | 86 |
| 15 | മാർച്ച്–16 | 48 | 31 | 09 | 88 |
| 16 | ഏപ്രിൽ–16 | 41 | 28 | 11 | 80 |
| 17 | മെയ്–16 | 20 | 22 | 10 | 52 |
| 18 | ജൂൺ–16 | 21 | 28 | 04 | 53 |
| 19 | ജൂലൈ–16 | 21 | 33 | 17 | 71 |

| | | | | | |
|---|---|---|---|---|---|
| 20 | ആഗസ്റ്റ്–16 | 12 | 23 | 07 | 42 |
| 21 | സെപ്റ്റംബർ–16 | 04 | 01 | 01 | 06 |
| 22 | ഒക്ടോബർ–16 | 59 | 46 | 48 | 153 |
| 23 | നവംബർ–16 | 66 | 48 | 49 | 163 |
| 24 | ഡിസംബർ–16 | 63 | 47 | 51 | 161 |
| 25 | ജനുവരി–17 | 67 | 52 | 53 | 172 |
| 26 | ഫെബ്രുവരി–17 | 84 | 51 | 37 | 172 |
| 27 | മാർച്ച്–17 | 84 | 51 | 37 | 172 |

## ഗുണഭോക്താക്കളുടെ വിവരം

## ജനുവരി–15 മുതൽ മാർച്ച്–15 വരെ

| പഞ്ചായത്ത് | 6മാസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്ന അമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 476 | 578 | 236 | 108 | 868 | 1208 | 152 | 3626 |
| ഷോളയൂർ | 112 | 197 | 160 | 28 | 756 | 520 | 47 | 1820 |
| പുതൂർ | 129 | 281 | 173 | 32 | 580 | 499 | 54 | 1748 |
| **ആകെ** | **717** | **1056** | **569** | **168** | **2204** | **2227** | **253** | **7194** |

## ഏപ്രിൽ–15 മുതൽ ജൂൺ–15 വരെ

| പഞ്ചായത്ത് | 6മാസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്നഅമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 108 | 362 | 128 | 64 | 1024 | 1016 | 118 | 2820 |
| ഷോളയൂർ | 98 | 162 | 140 | 31 | 370 | 334 | 35 | 1170 |
| പുതൂർ | 35 | 155 | 31 | 12 | 355 | 256 | 52 | 896 |
| **ആകെ** | **241** | **679** | **299** | **107** | **1741** | **1606** | **205** | **4886** |

## ജൂലൈ–15 മുതൽ സെപ്റ്റംബർ–15 വരെ

| പഞ്ചായത്ത് | 6മാസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്നഅമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 512 | 600 | 248 | 99 | 1226 | 1630 | 197 | 4512 |
| ഷോളയൂർ | 98 | 162 | 169 | 52 | 364 | 576 | 52 | 1473 |
| പൂതൂർ | 57 | 175 | 171 | 41 | 274 | 326 | 38 | 982 |
| **ആകെ** | **667** | **937** | **588** | **192** | **1864** | **2532** | **287** | **6967** |

## ഒക്ടോബർ–15 മുതൽ ഡിസംബർ–15 വരെ

| പഞ്ചായത്ത് | 6മാസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്ന അമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 602 | 739 | 310 | 117 | 1566 | 1866 | 282 | 5482 |
| ഷോളയൂർ | 96 | 289 | 104 | 57 | 648 | 1090 | 98 | 2382 |
| പൂതൂർ | 103 | 158 | 157 | 39 | 364 | 421 | 38 | 1280 |
| **ആകെ** | **801** | **1186** | **571** | **213** | **2572** | **3377** | **418** | **9144** |

## ജനുവരി–16 മുതൽ മാർച്ച്–16 വരെ

| പഞ്ചായത്ത് | 6മാസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്ന അമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/ വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 92 | 359 | 94 | 51 | 882 | 989 | 102 | 2569 |
| ഷോളയൂർ | 101 | 180 | 172 | 64 | 393 | 712 | 68 | 1690 |
| പൂതൂർ | 17 | 139 | 22 | 10 | 160 | 157 | 28 | 533 |
| **ആകെ** | **210** | **678** | **288** | **125** | **1435** | **1858** | **198** | **4792** |

## ഏപ്രിൽ–16 മുതൽ ജൂൺ–16 വരെ

| പഞ്ചായത്ത് | 6മോസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്ന അമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 87 | 153 | 105 | 42 | 348 | 302 | 28 | 1065 |
| ഷോളയൂർ | 64 | 159 | 148 | 42 | 355 | 430 | 37 | 1235 |
| പൂതൂർ | 18 | 138 | 24 | 8 | 159 | 160 | 28 | 535 |
| **ആകെ** | **169** | **450** | **277** | **92** | **862** | **892** | **93** | **2835** |

## ജൂലൈ–16 മുതൽ സെപ്റ്റംബർ–16 വരെ

| പഞ്ചായത്ത് | 6മോസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്നഅമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 703 | 905 | 340 | 120 | 1587 | 1933 | 302 | 5890 |
| ഷോളയൂർ | 398 | 489 | 183 | 82 | 704 | 1050 | 149 | 3055 |
| പൂതൂർ | 412 | 502 | 194 | 90 | 698 | 1108 | 153 | 3157 |
| **ആകെ** | **1513** | **1896** | **717** | **292** | **2989** | **4091** | **604** | **12102** |

## ഒക്ടോബർ–16 മുതൽ ഡിസംബർ–16 വരെ

| പഞ്ചായത്ത് | 6മോസം–3 വയസ്സ് വരെ | 3വയസ്സ് – 6വയസ്സ് വരെ | മുലയൂട്ടുന്നഅമ്മമാർ | ഗർഭിണികൾ | കൗമാരപ്രായക്കാർ | 60വയസ്സിന് മുകളിലുള്ളവർ | രോഗികൾ/വിധവകൾ | ആകെ |
|---|---|---|---|---|---|---|---|---|
| അഗളി | 673 | 979 | 357 | 223 | 1119 | 2655 | 644 | 6650 |
| ഷോളയൂർ | 525 | 628 | 221 | 125 | 889 | 2005 | 269 | 4662 |
| പൂതൂർ | 399 | 536 | 270 | 91 | 757 | 1627 | 546 | 4226 |
| **ആകെ** | **1579** | **2143** | **848** | **439** | **2765** | **6287** | **1469** | **15538** |

**ജനുവരി-17 മുതൽ മാർച്ച്-17 വരെ**

**ഭക്ഷണം കഴിക്കുന്നവരുടെ എണ്ണം**

| പഞ്ചായത്ത് | ഒരുനേരം | രണ്ടുനേരം | മൂന്നുനേരം |
|---|---|---|---|
| അഗളി | 3656 | 2771 | 223 |
| ഷോളയൂർ | 2495 | 2042 | 125 |
| പുതൂർ | 2443 | 1692 | 91 |
| **ആകെ** | **8594** | **6505*** | **439** |

* അവധി ദിവസങ്ങളിൽ 3നേരം ഭക്ഷണം നൽകുന്നു